**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചൊക്ലി ഗ്രാമപഞ്ചായത്ത് - സമ്പൂർണ്ണ നിയമ സാക്ഷരത പഞ്ചായത്ത് - ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ധനസഹായം യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 3433/2016/തസ്വഭവ തിരുവനന്തപുരം, തീയതി, 16/12/2016

---

പരാമർശം:- 1. ശ്രീ.എ.എൻ ഷംസീർ എം.എൽ.എ യുടെ 30/08/2016 ലെ കത്ത്.

2.. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 26/10/2016 തീയതിയിലെ 3.35 ഇനം തീരുമാനം.

**<u>ഉത്തരവ്</u>**

ചൊക്ലി ഗ്രാമപഞ്ചായത്തിനെ തലശ്ശേരി ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സഹകരണത്തോടെ സമ്പൂർണ്ണ നിയമ സാക്ഷരതാ പഞ്ചായത്തായി മാറ്റിയെടുക്കുന്നതിന്റെ ഭാഗമായുള്ള സംഘാടന ചെലവുകൾക്കായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ സംഭാവന നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (2) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചൊക്ലി ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ നിയമ സാക്ഷരതാ പഞ്ചായത്തായി മാറ്റുന്നതിനോടനുബന്ധിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പരമാവധി 1 ലക്ഷം രൂപ സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനസഹായം നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് സംഘാടക സമിതി കൺവീനർ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എസ്.ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
പ്രസിഡന്റ് ചൊക്ലി ഗ്രാമപഞ്ചായത്ത്, ചൊക്ലി.പി.ഒ, കണ്ണൂർ - 670672
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്:- ശ്രീ.എ.എൻ ഷംസീർ എം.എൽ.എ യുടെ പി.എ യ്ക്ക്.